പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ - 901 30.06.2011 -ലെ മറുപടിക്ക്

## കൊച്ചി-സീപോർട്ട്-എയർ പോർട്ട് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഷാഫി പറമ്പിൽ | വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കൊച്ചി-സീ പോർട്ട്-എയർ പോർട്ട്-റോഡു നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണ് ; പണി എത്രമാത്രം പൂർത്തിയായി എന്ന് അറിയിക്കാമോ ;<br><br>(ബി) പ്രസ്തുത റോഡു നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണ് ; | (എ & ബി) ഒന്നാം ഘട്ടമായ ഇരുമ്പനം മുതൽ കളമശ്ശേരി വരെയുള്ള 13 കി.മീ. ദൂരം 2003-ൽ പണി പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നു കൊടുത്തു. രണ്ടാം ഘട്ടമായി കളമശ്ശേരി മുതൽ കരിയാട് വരെയും ഇരുമ്പനം മുതൽ എൻ.എച്ച് 49 ബൈപ്പാസ് വരെയും അലൈൻമെന്റ് തയ്യാറാക്കി കല്ലിട്ട് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ 2003-ൽ ആരംഭിച്ചെങ്കിലും പണം ലഭ്യമല്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കാനാകാതെ വിജ്ഞാപനം ഡിനോവയായി. |
| (സി) ഈ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കുവാൻ കഴിയും ; | (സി) പണലഭ്യതയനുസരിച്ച് സമയബന്ധിതമായി ഈ റോഡിന്റെ പണി തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

P.T.O.

| | |
|---|---|
| (ഡി) പ്രസ്തുത റോഡുനിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കലിനും ഉള്ള തുക 2010-2011 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) ഇല്ല |
| (ഇ) ഈ റോഡിന്റെ അലൈൻമെന്റിൽ മുൻകൂട്ടി നിശ്ചയിച്ചതിൽ നിന്നും എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ ? | (ഇ) കൊച്ചി എയർപോർട്ടിന്റെ ഭാഗത്ത് ഇപ്പോൾ ഗോൾഫ് കോഴ്സ് വന്നതിനാൽ ആ ഭാഗത്ത് അലൈൻമെന്റിന് ചെറിയ മാറ്റം വരുത്തേണ്ടിവരും. കൂടാതെ NAD യുടെ (നേവൽ ആർമമെന്റ് ഡിപ്പോ) ഭൂമി മുറിച്ച് കടക്കുന്ന ഭാഗത്ത് കല്ലിട്ടിട്ടുള്ള അലൈൻമെന്റിന് NAD ചില മാറ്റങ്ങൾ വരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ആ ഭാഗത്തും ചില മാറ്റങ്ങൾ വരുത്തേണ്ടി വരും. |

സെക്ഷൻ ഓഫീസർ